Pastoral Letter No XXIV

The Catholic Metropolitan's House
P.B. No. 71, Kottayam
Kerala, India-686 001.

**ദൈവകൃപയാൽ**
**കോട്ടയം അതിരൂപതയുടെ**
**മെത്രാപ്പോലീത്ത**

**മാർ മാത്യു മൂലക്കാട്ട്**

*തന്റെ സഹശുശ്രൂഷികളായ വൈദികർക്കും സമർപ്പിതർക്കും ദൈവജനം മുഴുവനും നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും സമാധാനവും ആശംസിക്കുന്നു.*

ഈശോമിശിഹായിൽ വന്ദ്യ സഹോദരങ്ങളേ, പ്രിയ മക്കളേ,

ദനഹാ അനുഭവത്തിലൂടെ വെളിവാക്കപ്പെട്ട ദൈവപുത്രസ്ഥാനത്തിന്റെ മഹത്വം ഉൾക്കൊണ്ടുകൊണ്ട് ഈശോ മരുഭൂമിയിൽ നടത്തിയ ദീർഘമായ ഉപവാസത്തിന്റെ ചൈതന്യത്തിൽ സാർവ്വത്രിക സഭ വലിയ നോമ്പിലേക്കു പ്രവേശിക്കുകയാണല്ലോ. "ശരീരത്തിന്റെ പ്രവണതകളെ ആത്മാവിനാൽ നിഹനിച്ചുകൊണ്ട്" (റോമ 8:13) പാപവഴികളിൽ നിന്നു പിൻമാറുവാനും മാനസാന്തരത്തിന്റെ ഫലങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ദൈവരാജ്യത്തിന്റെ സാക്ഷികളായി വർത്തിക്കുവാനും നോമ്പുകാലം നമ്മോടാഹ്വാനം ചെയ്യുന്നു.

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പ തന്റെ ഈ വർഷത്തെ നോമ്പുകാല സന്ദേശത്തിൽ നമ്മെ അനുസ്മരിപ്പിക്കുന്നതുപോലെ സാർവ്വത്രിക സഭക്കും സഭാ സമൂഹങ്ങൾക്കും ഓരോ വിശ്വാസിക്കും ഉള്ള നവീകരണത്തിന്റെ അവസരമാണ് നോമ്പുകാലം. എല്ലാത്തിലുമുപരി അതു കൃപയുടെ സമയമാണ് (2 കൊറി 6:2). ദൈവത്തിന്റെ ഹൃദയത്തിൽ നമുക്കോരോരുത്തർക്കും സ്ഥാനമുണ്ട്. വ്യക്തിപരമായി നമ്മെ ഓരോരുത്തരെയും അറിയുന്ന ദൈവം നമ്മെ പരിഗണിക്കുകയും ദൈവത്തിൽ നിന്നും നാം അകന്നു പോകുമ്പോൾ നമ്മെ തേടിയെത്തുകയും ചെയ്യുന്നു. നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന ഓരോ കാര്യങ്ങളെക്കുറിച്ചും അതീവ ശ്രദ്ധാലുവായ ദൈവത്തിന് ഒരിക്കലും നമ്മുടെ കാര്യത്തിൽ നിസംഗനായിരിക്കുവാൻ സാധിക്കുകയില്ല.

നമുക്ക് ആരോഗ്യവും സൗകര്യങ്ങളും ഉണ്ടാകുമ്പോൾ നാം മറ്റുള്ളവരെ മറക്കുകയും അവരുടെ പ്രശ്നങ്ങളെയും പ്രയാസങ്ങളെയും അവർക്കുണ്ടാകുന്ന വൈഷമ്യങ്ങളെയും അവഗണിക്കുകയും ചെയ്യുക സ്വാഭാവികമാണ്. നമ്മുടെകാര്യം താരതമ്യേന ഭദ്രമായിരിക്കുമ്പോൾ നമ്മെക്കാൾ മോശമായ അവസ്ഥയിലായിരിക്കുന്നവരെപ്പറ്റി നാം ചിന്തിക്കാറേയില്ല. സ്വാർത്ഥതയിൽ നിന്നുയരുന്ന ഈ നിസംഗതയ്ക്ക് ഒരു ആഗോളമാനം കൈവന്നിരിക്കുന്നു എന്നു ചൂണ്ടിക്കാണിക്കുന്ന പരിശുദ്ധ പിതാവ് ക്രൈസ്തവർ എന്ന നിലയിൽ നിസംഗതയുടെ ഈ ആഗോളവൽക്കരണത്തിനെതിരെ അണിചേരുവാൻ നമ്മെ ആഹ്വാനം ചെയ്യുന്നു. നിസംഗതയിൽ നിന്നും നിസ്വാർത്ഥ ശുശ്രൂഷയിലേക്കുള്ള വളർച്ച സ്വായത്തമാക്കാൻ നോമ്പുകാലം അനുസ്മരിപ്പിക്കുന്നു.

ദൈവജനം എന്ന നിലയിൽ നാം ദൈവസ്നേഹത്തിലേക്കു മടങ്ങിയെത്തുമ്പോൾ മാത്രമേ ചരിത്രം നമ്മുടെ മുമ്പിൽ തുടർച്ചയായി ഉയർത്തുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ നമുക്കു സാധിക്കൂ. ദൈവത്തോടും അയൽക്കാരോടുമുള്ള നിസംഗത ഇന്നത്തെ വിശ്വാസികൾ അഭിമുഖീകരിക്കുന്ന ഒരു വലിയ പ്രശ്നമാണ്. തന്റെ ഏകജാതനെ നൽകാൻ തക്കവിധം ലോകത്തെ അത്രമാത്രം സ്നേഹിക്കുന്ന (യോഹ 3:16) ദൈവത്തിന് ഈ ലോകത്തിന്റെ കാര്യത്തിൽ നിസംഗനായിരിക്കാൻ സാദ്ധ്യമല്ല. തന്റെ പുത്രന്റെ മനുഷ്യാവതാരം, മരണം, ഉത്ഥാനം എന്നിവയിലൂടെ മനുഷ്യനും ദൈവത്തിനുമിടയിൽ, സ്വർഗ്ഗത്തിനും

ഭൂമിക്കുമിടയിൽ നിലനിന്ന വാതിൽ തന്റെ സഭയിലൂടെ ദൈവം സ്നേഹപൂർവ്വം തുറക്കുന്നു. എന്നാൽ ലോകം തന്നിലേക്കുതന്നെ ഉൾവലിയുകയും ദൈവം മനുഷ്യനിലേക്കും മനുഷ്യൻ ദൈവത്തിലേക്കും കടന്നു വരുന്ന വാതിൽ വലിച്ചടക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ സ്വന്തം ജനമായ നാം നിസംഗരായി നമ്മിലേക്കുതന്നെ ഉൾവലിയാതിരിക്കാൻ നമുക്ക് അനിവാര്യമായ ആന്തരിക നവീകരണത്തിന് നമ്മെ സഹായിക്കുന്ന മൂന്നു വചനങ്ങൾ നമ്മുടെ നോമ്പുകാല പരിചിന്തനത്തിനായി പരിശുദ്ധ പിതാവ് നമുക്ക് നൽകുന്നുണ്ട്.

1. ഒരവയവം വേദന അനുഭവിക്കുമ്പോൾ എല്ലാ അവയവങ്ങളും വേദന അനുഭവിക്കുന്നു; ഒരവയവം പ്രശംസിക്കപ്പെടുമ്പോൾ എല്ലാ അവയവങ്ങളും സന്തോഷിക്കുന്നു (1 കൊറി 12:26). ദൈവവചനവും കൂദാശകളും പ്രത്യേകിച്ച് ദിവ്യകാരുണ്യവും സ്വീകരിച്ച് മിശിഹായിൽ ഒരു ശരീരമായിത്തീരുന്ന സഭയിൽ നിസംഗതയ്ക്ക് സ്ഥാനമില്ല, എന്നു മാത്രമല്ല ദൈവിക ദാനങ്ങൾ സ്വീകരിക്കുന്നവരായ നാം ഒരു ശരീരത്തിലെ വിവിധ അവയവങ്ങൾ പോലെ പരസ്പരം പങ്കുവയ്ക്കുകയും ചെയ്യുന്നു.

2. നിന്റെ സഹോദരൻ എവിടെ (ഉൽപ്പത്തി 4:9). നമ്മുടെ സഭാസംവിധാനങ്ങൾ നാം ഒരേശരീരത്തിന്റെ ഭാഗമാണ് എന്ന ബോദ്ധ്യം നമ്മിൽ ഉളവാക്കാൻ പര്യാപ്തമാണോ എന്ന് പരിശുദ്ധ പിതാവ് നമ്മോട് ചോദിക്കുന്നു. സഭാഗാത്രത്തിലെ ഏറ്റം ബലഹീനരും ദരിദ്രരും അവഗണിക്കപ്പെട്ടവരുമായ അംഗങ്ങളോടുള്ള നമ്മുടെ മനോഭാവം എന്താണ്. ദൈവത്തിന്റെ സ്നേഹത്തിൽ പങ്കുപറ്റുന്ന സഭാസമൂഹം എല്ലാ സഹോദരങ്ങളുടെയും നന്മ കാംക്ഷിക്കുകയും അതിനായി നിരന്തരം പരിശ്രമിക്കുകയും ചെയ്യണം. ഭൂമിയിൽ ഏതെങ്കിലും ഒരംഗം കരയുകയും വേദനിക്കുകയും ചെയ്യുന്നിടത്തോളം കാലം സ്വർഗ്ഗത്തിലെ സന്തോഷം പൂർണ്ണമാവില്ല എന്ന വി. കൊച്ചുത്രേസ്യയുടെ വാക്കുകൾ പരിശുദ്ധ പിതാവ് നമ്മെ അനുസ്മരിപ്പിക്കുന്നു. നമ്മുടെ ഇടവകകൾ യഥാർത്ഥ ക്രൈസ്തവ സമൂഹങ്ങളും നിസംഗതയുടെ സമുദ്രത്തിൽ കരുണയുടെ തുരുത്തുകളും ആവണമെന്ന് പരിശുദ്ധ പിതാവ് നമ്മെ ഉദ്ബോധിപ്പിക്കുന്നു.

3. ദൃഢചിത്തരായിരിക്കുവാൻ (യാക്കോ 5:8). ലോകത്തിലെ ദുഃഖദുരിതങ്ങളുടെയും തിന്മകളുടെയും മദ്ധ്യത്തിൽ നാം നിസ്സഹായരാണെന്ന ചിന്ത നമ്മെ ഗ്രസിച്ചേക്കാം. അതിൽനിന്നു മോചിതരാകാൻ പ്രാർത്ഥനയും ജീവകാരുണ്യ പ്രവർത്തനങ്ങളും നമ്മെ സഹായിക്കും. സഭയിലും സഭയോടൊത്തുമുള്ള പ്രാർത്ഥന നമ്മുടെ ഹൃദയങ്ങൾക്ക് ശക്തി പകരുന്നു. അതോടൊപ്പം സഹോദരങ്ങൾക്കുവേണ്ടിയുള്ള ചെറിയ ത്യാഗ പ്രവൃത്തികളിലൂടെ നാം ഒരു കുടുംബത്തിന്റെ അംഗങ്ങളാണെന്ന ബോദ്ധ്യം നമ്മിൽ രൂഢമൂലമാക്കാൻ ഈ നോമ്പുകാലം ഉപകരിക്കട്ടെ.

നമ്മെ കീഴടക്കാൻ പരിശ്രമിക്കുന്ന നിസംഗതയെ അതിജീവിക്കാൻ നമുക്കാവശ്യമായിരിക്കുന്നത് ഹൃദയ നവീകരണമാണ്. കരുണാർദ്രമായ ഹൃദയം ബലഹീനതയുടെ അടയാളമല്ല. ദൃഢമായ ഹൃദയത്തിനു മാത്രമേ പരീക്ഷകനെ പരാജയപ്പെടുത്തുവാനും ദൈവത്തിൽ ആശ്രയിക്കുവാനും സാധിക്കൂ. പരിശുദ്ധാത്മാവിനാൽ മുറിയപ്പെടുന്ന ഒരു ഹൃദയത്തിനു മാത്രമേ നമ്മുടെ സഹോദരങ്ങളിലേക്കുള്ള സ്നേഹത്തിന്റെ പാത തുറക്കാൻ സാധിക്കൂ. "എളിമയും ശാന്തതയുമുള്ള ഈശോയുടെ തിരുഹൃദയമേ, എന്റെ ഹൃദയം അങ്ങേ ഹൃദയംപോലെയാക്കണേ" എന്ന് ഈ നോമ്പുകാലത്ത് നമുക്ക് പ്രത്യേകമായി പ്രാർത്ഥിക്കാം. അതുവഴി സഹോദരങ്ങളോട് തുറവിയുള്ളതും നിസംഗതയുടെ ആഗോളവൽക്കരണത്തെ അതിജീവിക്കുന്നതും നിസ്വാർത്ഥ ശുശ്രൂഷയിലേക്ക് നയിക്കുന്നതുമായ ഉദാരവും കരുണാർദ്രവും ശക്തവുമായ ഒരു ഹൃദയം ദൈവം നമുക്കു നൽകട്ടെ.

പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഇടയനടുത്ത ആശീർവാദം നൽകുന്നു.

എന്ന് കോട്ടയം അതിരൂപതാകേന്ദ്രത്തിൽ നിന്നും 2015 ഫെബ്രുവരി 1-ാം തീയതി.

**✠മാർ മാത്യു മൂലക്കാട്ട്,**
കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത.

---

*NB.* ഈ ഇടയലേഖനം 2015 ഫെബ്രുവരി 15-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ദേവാലയങ്ങളിലും വി. കുർബാന അർപ്പിക്കപ്പെടുന്ന സ്ഥാപനങ്ങളിലും ദിവ്യബലി മദ്ധ്യേ വായിച്ചറിയിക്കേണ്ടതാണ്.